A/ 2357/19

**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്**

വിഷയം:- പൊതുവിദ്യാഭ്യാസം - അംഗീകൃത അധ്യാപക - സംഘടനകളുടെ വാർഷിക സമ്മേളനം- വിദ്യാഭ്യാസ സെമിനാർ -ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. KPSHA ജനറൽ സെക്രട്ടറിയുടെ 25/3/2019 ലെ കത്ത്.

2. 14/2/2008-ലെ സ.ഉ (സാധാ) നമ്പർ 841/2008/പൊ.വി.വ.

**ഉത്തരവ് നമ്പർ എച്ച്(3)/64208/2018/ഡിപിഐ തീയതി : 29-03-2019**

സംസ്ഥാനത്തെ അംഗീകൃത അദ്ധ്യാപക സംഘടനകളുടെ വാർഷിക സമ്മേളനത്തിലും അതിന്റെ ഭാഗമായ വിദ്യാഭ്യാസ സെമിനാറുകളിലും പങ്കെടുക്കുന്നവർക്ക് പരാമർശം (2) പ്രകാരം പരമാവധി രണ്ടു ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കുന്നുണ്ട്. കേരളാ പ്രൈവറ്റ് സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ (KPSHA ) 58-ാം സംസ്ഥാന സമ്മേളനം 2019 ഏപ്രിൽ 29, 30 തീയതികളിൽ തൃശ്ശൂരിൽ വച്ച് നടക്കുന്നുവെന്നും ഡ്യൂട്ടി ലീവ് അനുവദിക്കണമെന്നും പരാമർശം (1) ലെ കത്തു വഴി KPSHA ജനറൽ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

ആയതിനാൽ മേൽ സൂചിപ്പിച്ച തീയതികളിൽ ഏതെങ്കിലും രണ്ടു ദിവസം, ടി വാർഷിക സമ്മേളനത്തിലെ വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്നവർക്ക് ഡ്യൂട്ടി ലീവ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. KPSPHA ജനറൽ സെക്രട്ടറിയോ, പ്രസിഡന്റോ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രഥമാദ്ധ്യാപകർ പരമാവധി രണ്ട് ദിവസം ബന്ധപ്പെട്ട അധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കേണ്ടതാണ്.

സംസ്ഥാന സമ്മേളനത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന ജനറൽ സെക്രട്ടറി, പ്രസിഡന്റ്, മറ്റു ഭാരവാഹികൾ തുടങ്ങിയവരുടെ പേര് വിവരങ്ങളും മേൽവിലാസവും സമ്മേളനം കഴിഞ്ഞാലുടൻ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

സ്വീകർത്താവ്

1) ശ്രീ.സന്തോഷ് ജോസഫ്,
ജനറൽ സെക്രട്ടറി, കെ.പി.എസ്.എച്ച്.എ,
സെന്റ് ജോർജ്ജ് വി.എച്ച്.എസ്.എസ് കൈപ്പുഴ,
കൈപ്പുഴ.(പി.ഒ), കോട്ടയം-686602.
2) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ്:- കരുതൽ ഫയൽ.
ആർ.കെ

എ.1 2357/2019/ താ.തീ  തീ 06/04/2019

എല്ലാ പ്രധാനാധ്യാപകർക്കും അറിവിലേക്കും

അനന്തര നടപടികൾക്കുമായി നൽകുന്നു.

OFFICE OF THE DISTRICT EDUCATIONAL OFFICER • THRISSUR • PIN: 680 020

Ambika Radhi

For ജില്ലാ വിദ്യാഭ്യാസ ഓഫീസർ

തൃശൂർ.

A2

06/04/19